**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3867 — 11.11.2019 ൽ മറുപടിക്ക്

## രോഗികളാകുന്നവരുടെ എണ്ണം

| ചോദ്യം<br>ശ്രീ.ടി.ജെ. വിനോദ് | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ശാസ്ത്രവും, സാങ്കേതിക വിദ്യകളും മുന്നേറിക്കൊണ്ടിരിക്കുമ്പോഴും, സംസ്ഥാനത്ത് രോഗികളാകുന്നവരുടെ എണ്ണം ആശങ്കാജനകമായി വർദ്ധിക്കുന്നു എന്നത് വസ്തുതയല്ലേ; | (എ) | വസ്തുതയാണ്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ പുരോഗതി കൈവരിച്ചിരിക്കുന്ന കേരള സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുന്ന ആധുനികവൽക്കരണത്തിന്റെയും, നഗരവത്ക്കരണത്തിന്റെയും പരിണിത ഫലമായി ജീവിതശൈലീരോഗങ്ങൾ ആശങ്കാജനകമായി വർദ്ധിക്കുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇന്ത്യയിൽ തന്നെ ഏറ്റവും കൂടുതൽ പ്രമേഹരോഗികളുള്ള സംസ്ഥാനമായി കേരളം മാറിയതിന്റെ കാരണം കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | അച്യുതമേനോൻ സെന്ററിന്റെ പഠനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് അഞ്ചിൽ ഒരാൾക്ക് പ്രമേഹം ഉണ്ടെന്ന കണ്ടെത്തലാണ് നടത്തിയിരിക്കുന്നത്. അനാരോഗ്യകരമായ ഭക്ഷണ രീതി, വ്യായാമമില്ലായ്മ, ലഹരിയോടുള്ള ആസക്തി, ഉയർന്ന മാനസിക പിരിമുറുക്കം എന്നിവയാണ് കേരളത്തെ പ്രമേഹത്തിന്റെ തലസ്ഥാനമാക്കി മാറ്റുന്നതിന്റെ കാരണം. അന്നജത്തിന്റെ മുൻതൂക്കവും, കൊഴുപ്പും, മധുരവും ഏറെയുള്ള ഭക്ഷണം, നാരുകൾഅടങ്ങിയ പഴം, പച്ചക്കറികൾ എന്നിവയുടെ കുറഞ്ഞ ഉപയോഗം എന്നിവയാണ് ആഹാര സംബന്ധമായ പ്രശ്നങ്ങൾ.<br>കുട്ടികൾക്ക് ഉൾപ്പെടെ വ്യായാമം കുറയുന്നുവെന്നതും, മദ്യം ഉൾപ്പെടെയുള്ള ലഹരിയോടുള്ള ആസക്തി ഏറിയതും, പ്രമേഹം വർദ്ധിക്കുന്നതിന് കാരണമാകുന്നു. |
| (സി) | ചികിത്സ, രോഗ നിർണ്ണയം, രോഗ പ്രതിരോധ സംവിധാനം എന്നിവ പൂർണ്ണമായും മാറുന്ന കാലത്തിന് അനുസൃതമായി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാം;വിശദമാക്കാമോ? | (സി) | ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി സംസ്ഥാന സർക്കാർ ആരംഭിച്ച പദ്ധതിയായ അമൃതം ആരോഗ്യം കേരളത്തിലെ 14 ജില്ലകളിലും ആരോഗ്യ വകുപ്പിന്റെ വിവിധ കേന്ദ്രങ്ങളിലൂടെ നടപ്പിലാക്കി വരുന്നു. ജീവിതശൈലീ രോഗങ്ങൾ |

| | | | |
|---|---|---|---|
| | | | നിയന്ത്രിക്കുന്നതിനും നിർണ്ണയിക്കുന്നതിനും ചികിത്സിച്ചു ഭേദമാക്കുന്നതിനുമുള്ള നടപടികൾ ഈ പദ്ധതി പ്രകാരം സ്വീകരിച്ചു വരുന്നു. സംസ്ഥാനത്ത് രക്താദിസമ്മർദ്ദം വർദ്ധിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്ത് ലോകാരോഗ്യ സംഘടനയും ICMR മായി സഹകരിച്ചുകൊണ്ട് സംസ്ഥാനത്ത് നടപ്പിലാക്കിയ പദ്ധതിയാണ് IHMI. സംസ്ഥാനത്ത് വൃക്ക രോഗികളുടെ എണ്ണം വർദ്ധിക്കുന്നതിന് അനുസൃതമായി ഡയാലിസിസ് യൂണിറ്റുകളുടെ എണ്ണം വർദ്ധിക്കുകയും ജനങ്ങൾക്ക് സാമ്പത്തികവും ശാരീരികവുമായ അസൗകര്യങ്ങൾ നേരിടുന്നത് കണക്കിലെടുത്ത് സംസ്ഥാന ആരോഗ്യ വകുപ്പ് താരതമ്യേന ചിലവ് കുറയുന്നതും വീട്ടിൽ വച്ച് ചെയ്യാവുന്നതുമായ CAPD ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് പദ്ധതി ആരംഭിക്കുകയും ചെയ്തു. പ്രമേഹരോഗത്തിന്റെ complication ആയ ഡയബറ്റിക് റെറ്റിനോപ്പതി നിർണ്ണയിക്കുന്നതിനും ചികിത്സിക്കുന്നതിനും സംസ്ഥാന ആരോഗ്യ വകുപ്പ് നയനാമൃതം പദ്ധതി ആരംഭിച്ചു. ഗുരുതര ശ്വാസകോശ രോഗമായ chronic obstructive pulmonary disease നിർണ്ണയിക്കുന്നതിനും ചികിത്സിക്കുന്നതിനും എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും, എല്ലാ ജില്ലാ ആശുപത്രികളിലും SWASS ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. ക്യാൻസർ രോഗ നിർണ്ണയത്തിനും ചികിത്സയ്ക്കും എല്ലാ ജില്ലകളിലും ജില്ലാ ക്യാൻസർ കെയർ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും ഒരു പ്രധാന ആശുപത്രിയിൽ പാലിയേറ്റീവ് കീമോതെറാപ്പി നൽകുവാൻ സൗകര്യമുള്ള ഒരു വാർഡ് ആരംഭിക്കുന്നതിനുള്ള അഭയം പദ്ധതി സംസ്ഥാന ആരോഗ്യ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. |

Hari

സെക്ഷൻ ഓഫീസർ